പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5820 — 27.10.2011-ൽ മറുപടിയ്ക്ക്

പച്ചക്കറി - വിപണനത്തിന് സംവിധാനം

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. എസ്. ശർമ്മ : | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളുടെ വിപണനത്തിന് വൈപ്പിൻ മണ്ഡലത്തിൽ വകുപ്പുതല സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ? | പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഇനങ്ങളുടെ വിപണനത്തിനായി 2011-12 വർഷത്തിൽ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി 4 വിപണന കേന്ദ്രങ്ങൾ വൈപ്പിൻ മണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ എറണാകുളം ജില്ലയിൽ മരട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൊത്ത് വ്യാപാര വിപണിയിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനത്തിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡിയും ഈ വിപണിയിൽ നിന്ന് നൽകി വരുന്നു. വൈപ്പിൻ മണ്ഡലത്തിലെ കർഷകർക്കും ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.<br>കൂടാതെ എറണാകുളം ജില്ലയിലും സമീപ പ്രദേശങ്ങളിലും കർഷകർ ഉൽപ്പാദിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് കാക്കനാട് കേന്ദ്രമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാസംഭരണ വിതരണ കേന്ദ്രം പ്രവർത്തിക്കുന്നു. |

R.R. Babu (signature)
സെക്ഷൻ ഓഫീസർ